# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *410      18.12.2014-ൽ മറുപടിയ്ക്ക്

### ഹിൽ ഹൈവേ പ്രോജക്റ്റ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.പി.സജീന്ദ്രൻ**<br>**,, എ.പി.അബ്ദുള്ളക്കുട്ടി**<br>**,, ഡൊമിനിക് പ്രസന്റേഷൻ**<br>**,, കെ.മുരളീധരൻ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) ഹിൽ ഹൈവേ പ്രോജക്റ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ മലയോര പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് പ്രസ്തുത പ്രദേശങ്ങളുടെ സമഗ്രമായ വികസനത്തിനും കാർഷിക വിഭവങ്ങളുടെ വിപണനത്തിനും ഉതകുന്ന രീതിയിൽ പരമാവധി നിലവിലുള്ള പാതകളെ വികസിപ്പിച്ച് സംസ്ഥാനത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെ ബന്ധിപ്പിക്കുക എന്നതാണ് ഹിൽ ഹൈവേയുടെ ലക്ഷ്യം. ആദിവാസി മേഖലകളുടെയും പിന്നോക്ക പ്രദേശങ്ങളുടെയും വികസനവും ഇത് ലക്ഷ്യമിടുന്നു. |
| (ബി) ഇത് സമയബന്ധിതമായി നടപ്പാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) സർക്കാർ ഉത്തരവ് (കൈ) നം.51/2013/ പൊ.മ.വ. തീയതി 14.06.2013 പ്രകാരം ഹിൽ ഹൈവേ പദ്ധതി സർക്കാരിന്റെ 'സ്പീഡ് കേരള' യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടു കൂടി കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഹിൽ ഹൈവേയുടെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നാറ്റ്പാകിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പുരോഗമിക്കുന്നു. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഈ പ്രോജക്ടുമായി സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (സി) പദ്ധതി രൂപരേഖ തയ്യാറാക്കുന്നത് പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗവും സ്പീഡ് കേരളാ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തിക്ക് ഫണ്ട് സ്വരൂപിക്കുന്നത് കേരളാ റോഡ് ഫണ്ട് ബോർഡുമാണ്. |
| (ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഡി) പദ്ധതി നടപ്പിലാക്കുന്നതിന് ' സ്പീഡ് കേരള' പദ്ധതിയിൽ ഉൾപ്പെടുത്തുകയും കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. ഇതുകൂടാതെ കണ്ണൂർ, എറണാകുളം ജില്ലകളിലെ ഹിൽ ഹൈവേയുടെ ഭാഗമാകുന്ന ചില റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഇപ്പോൾ തന്നെ ഏറ്റെടുത്തു നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ